## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3045 18/06/2019-ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ക്ലാസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിന് പി.ടി.എ.യുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശിൽപശാലകൾ സംഘടിപ്പിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലത്തിന്റെ സഹായത്തോടെ കൈപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ അധ്യാപകർക്ക് വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്ലാസ്സുകളുടെ പുരോഗതിക്കായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാ ക്കാമോ; | (ബി) സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ സൗകര്യങ്ങളും, അതോടൊപ്പം 'കളിത്തോണി' എന്ന കൈപുസ്തകം പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |
| (സി) പ്രസ്തുത ക്ലാസ്സുകൾ സർക്കാർ ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടോ; ഏതെങ്കിലും സ്കൂളുകളിൽ സർക്കാർ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) നിലവിൽ 54 സ്കൂളുകളിൽ സർക്കാർ നേരിട്ട് പ്രീ-പ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. |
| (ഡി) പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകാൻ സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) 2012 വരെയുള്ള അംഗീകരിച്ച പ്രീ-പ്രൈമറികളിലും സർക്കാർ നേരിട്ട് നടത്തുന്ന 54 പ്രീ-പ്രൈമറികളിലും കുട്ടികൾക്ക് ഉച്ചഭക്ഷണം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് കുട്ടികളിൽ നിന്നും പിരിക്കാവുന്ന ഫീസിന്റെ പരിധി സംബന്ധിച്ച വിശദാംശം നൽകുമോ; എങ്കിൽ പി.റ്റി.എ. നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ഇ) | നിലവിൽ കുട്ടികളിൽ നിന്നും ഫീസ് പിരിക്കുന്നില്ല.<br>പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശിൽപശാലകൾ സംഘടിപ്പിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലത്തിന്റെ സഹായത്തോടെ കൈപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ അധ്യാപകർക്ക് വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ സൗകര്യങ്ങളും, അതോടൊപ്പം 'കളിത്തോണി' എന്ന കൈപുസ്തകം പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

Reena

സെക്ഷൻ ഓഫീസർ